بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 18/03/2016

**(08 JAMADUL AAKHIR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "ABANDON MATERIALISM FOR THE REMEMBRANCE OF ALLAH? " / ദൈവ സ്മരണയ്ക്കായി ഭൗതികത കയ്യൊഴിയുക

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ദൈവ സ്മരണയ്ക്കായി ഭൗതികത കയ്യൊഴിയുക എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.

**"വിശ്വസിച്ചവരെ, നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചു വിടാതിരിക്കട്ടെ. വല്ലവരും അങ്ങനെ ചെയ്യുന്നതായാൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ്."** (63:10)

**"അതുകൊണ്ട് നമ്മുടെ സ്മരണവിട്ട് പിൻതിരിഞ്ഞ് പോവുകയും ഐഹിക ജീവിതത്തെ അല്ലാതെ മറ്റൊന്നും ലക്ഷ്യം വയ്ക്കാതിരിക്കുകയും ചെയ്യുന്നവനിൽ നിന്ന് നീ വിട്ടുമാറുക. അവരുടെ അറിവിന്റെ അറ്റമാണത്. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവൻ തന്നെയാണ് നിന്റെ നാഥൻ. സന്മാർഗ്ഗം പ്രാപിച്ചവനെ സംബന്ധിച്ചും അവൻ നന്നായി അറിയുന്നു"** (53:30 – 31)

നമ്മുടെ ആത്മാവിന്റെ ആഹാരം നിശ്ചയമായും ദൈവസ്മരണതന്നെയാണ്. ആത്മാവ് എന്നത് തന്റെ സ്യഷ്ടാവുമായി ബന്ധിതമാണ്. സ്യഷ്ടാവും ആത്മാവും തമ്മിലുള്ള ബന്ധം സംരക്ഷിച്ചു നിർത്തേണ്ടതാണ്. മനുഷ്യൻ ദൈവത്തെ പ്രകീർത്തനം ചെയ്യേണ്ടതാണ്, അവനെ സ്മരിക്കേണ്ടതാണ്; അവന്റെ സർവ്വാധികാരത്തിലും, അവന്റെ സ്നേഹത്തിലും, അവന്റെ അനുകമ്പയിലും അവൻ സദാസമയവും അവനുമായി ബന്ധിതമായിരിക്കണം.

അബൂമൂസഅശ്അരി (റ) വിവരിക്കുന്നു, പ്രവാചക പ്രഭു മുഹമ്മദ് (സ) പറഞ്ഞു. **"അവൻ/അവൾ അല്ലാഹുവിനെ സ്മരിക്കുന്നവൻ/സ്മരിക്കുന്നവൾ ജീവിച്ചിരിക്കുന്നവനെ പോലെയാണ്/ ജീവിച്ചിരിക്കുന്നവളെ പോലെയാണ്. അല്ലാഹുവിനെ സ്മരിക്കാത്തവർ മരണപ്പെട്ടവരെ പോലെയുമാവുന്നു." (ബുഖാരി)**

ഓർക്കുക! നിങ്ങൾ അല്ലാഹുവിനെ ഓർത്താൽ അല്ലാഹു നിങ്ങളെയും തിരിച്ച് ഓർക്കുന്നതാണ്. ഞാൻ പാരായണം ചെയ്ത ആദ്യ വചനത്തിൽ അല്ലാഹു (ത) പറഞ്ഞതുപോലെ അല്ലാഹു (ത) തന്റെ സേവകന്മാർ അവനെ ഓർക്കുവാൻ ആഗ്രഹിക്കുന്നു. അവരുടെ ജീവിതത്തെ പ്രകാശമാനമാക്കേണ്ടത്, അവന്റെ ഗുണങ്ങൾ ആലപിച്ചും അവനുള്ള സ്തുതികൾ അർപ്പിച്ചും, അവന്റെ മഹത്വത്തെക്കുറിച്ചും, ഏകത്വത്തെക്കുറിച്ചും അവന്റെ സർവ്വാധികാരത്തെക്കുറിച്ചും ചിന്തിച്ച്, അവന്റെ സംരക്ഷണയിൽ സദാസമയവും കഴിഞ്ഞുകൂടേണ്ടതാണ്. അപ്പോൾ അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ സ്നേഹം അവനായി നൽകുന്നു. അങ്ങനെ അവന് ഒരു സമ്പൂർണ്ണ ജീവിതം നയിക്കുവാൻ സാധിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവൻ തന്റെ ദൈവത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റി, അതായത് അവനെ മാത്രം ആരാധിക്കുക, മറ്റൊന്നിനെയും പങ്ക് ചേർക്കാതിരിക്കുക, അവനുമായി സദാസമയവും ബന്ധപ്പെട്ടിരിക്കുക. ഇതുകൊണ്ടാണ്, അല്ലാഹു (ത) വിശ്വാസികളെ അഭിസംബോധന ചെയ്ത് കൊണ്ട് മുന്നറിയിപ്പ് നൽകുന്നത്, ദൈവസ്മരണയിൽ നിന്ന് നിങ്ങളെ ഒന്നും തന്നെ പിന്തിരിപ്പിക്കരുത്. അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് നമ്മുടെ ധനമോ, നമ്മുടെ സന്താനങ്ങളോ നമ്മെ മറപ്പിക്കരുത് ! ഇവിടെ ചർച്ച ചെയ്യുന്ന ധനത്തിന് ഒന്നാം സ്ഥാനവും സന്താനങ്ങൾക്ക് രണ്ടാം സ്ഥാനവുമാണ് നൽകിയിരിക്കുന്നത്. ഇതിന്റെ കാരണം മനുഷ്യൻ ഭൗതിക നേട്ടങ്ങൾക്കാണ് വളരെ വലിയ സ്ഥാനം നൽകുന്നത്, സന്താനങ്ങൾക്ക് അവൻ അതിനുശേഷമുള്ള സ്ഥാനമാണ് നൽകുന്നത്.

നാം ജീവിക്കുന്ന ഈ ലോകത്ത്, ദൗർഭാഗ്യവശാൽ, പണത്തോടുള്ള സ്നേഹമാണ് ഏറ്റവും വലുത്. ഞാൻ ഉദ്ധരിച്ച മറ്റു വചനത്തിൽ (സൂറ: നജ്മിൽ) അല്ലാഹു നമ്മളുടെ ശ്രദ്ധ ക്ഷണിക്കുന്നത്, ഇവർ അറിവ് ആർജ്ജിച്ചിരിക്കുന്നു. എന്നാൽ ഈ അറിവ് ഈ താൽക്കാലിക ലോകത്തിലെ ഭൗതിക സാധനങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ഒരു വഴിയായി സ്വീകരിച്ചിരിക്കുന്നു. ഈ ലോകത്തെ നാമൊന്നു പരിശോധനാ വിധേയമാക്കിയാൽ, നിങ്ങൾക്ക് മനസ്സിലാകും, ജനങ്ങൾ അവരുടെ അറിവുകൾ ഉപയോഗപ്പെടുത്തുന്നത് ഇഹലോക കാര്യങ്ങൾ നേടുന്നതിനുവേണ്ടിയാണെന്ന് ! അവരുടെ ഭൗതിക ഉയർച്ചയ്ക്കുള്ള ആവശ്യപൂർത്തീകരണത്തിനായി അവർ അതിക്രമിച്ചു കയറുകയാണ്, എന്നിട്ട് അവരുടെ ആത്മീയ ഉത്തരവാദിത്വങ്ങൾ മറന്നു പോകുന്നു. അങ്ങനെ, അവർ സ്വയം വിഡ്ഢികളായി തീരുകയാണ്, ഈ ഭൗതിക ലോകത്തിലെ മാസ്മരികതയിൽ! എന്നിട്ട് ആത്മീയ ലോകത്തിലെ സൗന്ദര്യം അവർ വിസ്മരിക്കുന്നു. വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. ആരുടെ അറിവുകൾ ഭൗതിക നേട്ടത്തിനായി മാത്രം ഉപയോഗിക്കുന്നുവോ അത്തരം ആളുകളെ ഉപേക്ഷിക്കുവാൻ അത് ഉപദേശിക്കുന്നു. ; മാത്രമല്ല അവരിൽ നിന്ന് എന്തുകൊണ്ട് അകലത്തിൽ കഴിയണമെന്നും അത് പഠിപ്പിക്കുന്നു.

സന്താനങ്ങളെപ്പറ്റി പറഞ്ഞാൽ, ചില ആളുകൾ, അവർ അവരുടെ സന്താനങ്ങളുടെ പുറകെ നടക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അവർ അവരുടെ സന്താനങ്ങളെ വേണ്ട പോലെ ശ്രദ്ധിക്കുന്നവരല്ല. ഈ കുട്ടികൾക്കായി ചെലവഴിക്കുന്ന സമയവും, സ്നേഹവും അല്ലാഹുവിനെ സ്മരിക്കുന്നതുമായി തുലനം ചെയ്താൽ വളരെ വളരെ കൂടുതലാണ്. നാം ജീവിക്കുന്ന ഈ നൂറ്റാണ്ടിൽ പുരുഷനും സ്ത്രീയും ജോലി ചെയ്യുന്ന ഒരു കാലമാണ്. ഞാൻ മനസ്സിലാക്കുന്നു. ചില ദമ്പതിമാർക്ക് അവരുടെ സാമ്പത്തിക സാഹചര്യത്തെ അതിജീവിക്കുവാൻ അത് വേണ്ടി വരും. കടങ്ങൾ ഉണ്ടെങ്കിൽ കൊടുത്തു തീർക്കേണ്ടി വരും. ദൈനംദിന ആവശ്യങ്ങളും നിറവേറ്റേണ്ടി വരും. ആയതിനാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള ദമ്പതികളുടെ കാര്യത്തിലല്ല ഞാൻ വിരൽ ചൂണ്ടുന്നത്, മറിച്ച് സാമ്പത്തിക ഭദ്രത ഉള്ളവർ, യഥാർത്ഥത്തിൽ അവർക്ക് ജോലിക്ക് പോകേണ്ടതില്ല. ഭൗതിക ആഢംബരങ്ങളുടെ ത്വരമൂലം, അവരുടെ കുഞ്ഞുങ്ങളെ, അവർ നേഴ്സ്മാരെയോ കുട്ടികളെ പരിപാലിക്കുന്ന കേന്ദ്രങ്ങളിലോ ഏൽപ്പിക്കുന്നു. അവരെ സംരക്ഷിക്കാനായി. ഇത് സത്യത്തിൽ വളരെ ദൗർഭാഗ്യകരമായ ഒരു അവസ്ഥയാണ്, ജോലി ചെയ്യാനുള്ള നിർബന്ധിത സാഹചര്യമില്ലാതിരിക്കെ, വിശിഷ്യാ സാമ്പത്തിക സുസ്ഥിരതയുള്ള കുടുംബത്തിലെ മാതാക്കൾ, അവരുടെ വീടുകൾ വിട്ട്, ഭൗതിക നേട്ടം തേടി പോകുന്നു. അവരുടെ കുഞ്ഞുങ്ങൾക്ക് യഥാർത്ഥ വഴികാട്ടിയില്ലാതെ, അവരുടെ കുട്ടികൾ മറ്റുള്ളവരാൽ ചൂഷണം ചെയ്യപ്പെടുകയും, അല്ലാഹുവിന്റെ മതത്തെ അവർ കൈയൊഴിയുകയും, ഭൗതികതയുടെ പിടിത്തത്തിലാണ്ട് മതരഹിതമായ ജീവിതത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

ലോകമെങ്ങുമുള്ള ഈ സാഹചര്യം വളരെ ഗുരുതരമാണ്. ഈ ആളുകൾ തങ്ങളുടെ സൃഷ്ടാവുമായുള്ള ബന്ധം വിച്ഛേദിക്കുകയും, അവർ ഈ ലോകത്തിലെ ഭൗതിക സാമഗ്രികൾക്കായി മാത്രം ജീവിക്കുകയും ചെയ്യുന്നു. അബൂഹുറൈറ (റ) വിവരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് (സ) പറഞ്ഞു. **"ഏതെങ്കിലും ഒരു സംഘം ഒരിടത്ത് ഒരുമിച്ച് കൂടുകയും എന്നിട്ട് ദൈവ സ്മരണ നടത്താതിരിക്കുകയും പ്രവാചകൻ (സ) യുടെ മേൽ സ്വലാത്ത് ചെയ്യാതിരിക്കുകയും ചെയ്താൽ അത് അവരുടെ നഷ്ടം തന്നെയാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവൻ അവരെ ശിക്ഷിക്കുന്നു. അവൻ മറിച്ചുദ്ദേശിച്ചാൽ, അവർക്ക് അവൻ മാപ്പു ചെയ്യുന്നു."** തിർമിതി. മുകളിൽ സൂചിപ്പിച്ച ഖുർ ആനിക വചനങ്ങളും, പ്രവാചക വചനങ്ങളും നമ്മെ പഠിപ്പിക്കുന്നത്, അല്ലാഹുവിനെ വിസ്മരിക്കുന്ന ആളുകളിൽ നിന്നും നാം അകന്നു കഴിയണമെന്നാണ്. നാം അത്തരം സാഹചര്യങ്ങളിൽ അകപ്പെടാതിരിക്കുവാൻ! നാം ആരോടെങ്കിലും പ്രതികാരം ചെയ്യുന്നുവെന്നോ അഥവാ അവരെ ബഹിഷ്ക്കരിക്കുന്നുവെന്നോ ഒരിക്കലും കരുതരുത്. അല്ലാഹുവിന്റെ ദൂതൻമാരുടെ ശത്രുക്കളും അവരുടെ അനുയായികളും, അല്ലാഹുവിനോടുള്ള നമ്മുടെ സ്നേഹത്താൽ അവർ ദുരിതത്തിൽ അകപ്പെടുമെന്ന് നാം ഒരു രീതിയിലും ധരിക്കരുത്. യഥാർത്ഥ വിശ്വാസികൾ അവരിൽ നിന്നും അകലം പാലിക്കുകതന്നെ ചെയ്യണം, കാരണം അവർ ഭൗതികതയാവുന്ന സമുദ്രത്തിൽ ആഴ്ന്നു കിടക്കുകയാണ്. അവർ അങ്ങനെ അല്ലാഹുവിനെ വിസ്മരിച്ചു കഴിയുകയാണ്. ഈ ആളുകൾ നിങ്ങളോട് സലാം പറഞ്ഞാൽ നിങ്ങൾ പിൻതിരിയുകയോ സലാം മടക്കാതിരിക്കുകയോ ചെയ്യരുത്. നിങ്ങൾ അവരോട് ഏറ്റവും നല്ല നില

യിൽ പ്രതികരിക്കേണ്ടതാണ്.

ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്, ഭൗതികതയിൽ ഈ ആളുകൾ ആഴ്ന്നു കിടക്കുകയാണെങ്കിൽ, അല്ലാഹുവിനെ ഓർക്കുന്നത് വിസ്മരിച്ചുകൊണ്ട്, അപ്പോൾ നാം വിശ്വാസികൾ അവരുടെ മാതൃക പിൻപറ്റരുത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവരുടെ ഭൗതീക ധനവിനിയോഗ മാതൃക അനുകരിച്ച് പോകരുത്. ഈ മലിനീകരണത്തിൽ നിന്നും നമ്മെ സ്വയം സംരക്ഷിക്കുന്നതിനായി, ധനത്തോടും അധികാരത്തോടുമുള്ള അവരുടെ അടങ്ങാത്ത ദാഹത്തിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. അതുപോലെ നമ്മുടെ സൃഷ്ടാവുമായുള്ള ബന്ധം നാം സംരക്ഷിക്കേണ്ടതുമാണ്. അല്ലാഹുവിനെ മറന്നു പോയ ഈ ആളുകൾ, ഭൗതിക ലോകത്തെ ഉത്തേജിപ്പിക്കുന്നവരാണ്. മിക്കവാറും നാം അവരെ ഒഴിവാക്കുന്നതാണ് നല്ലത്. സ്വയം സംരക്ഷണം അതായത് അല്ലാഹുവിനെ ആരാധിക്കുവാനായി ഒരാൾ സ്വയം തയ്യാറാകുക. അതാണ് ദൈവ സ്മരണയുടെ സത്ത. ദൈവ സ്മരണ തീർച്ചയായും ആരാധന തന്നെയാണ്. ഭൗതിക കാര്യങ്ങൾ മാത്രം ചർച്ച ചെയ്യുന്ന ഒരു സദസിൽ ഒരാൾക്ക് എങ്ങനെയാണ് ദൈവസ്മരണ നിലനിർത്തുവാൻ കഴിയുന്നത്. കാരണം അവിടെ പണവും വ്യാപാരവുമാണ് വിഷയം. അല്ലാഹുവിനെ സ്നേഹിക്കുന്ന നിങ്ങൾക്ക്, അവനെ മാത്രം ആരാധിക്കുന്ന നിങ്ങൾക്ക്, ഇത്തരം ഒരു സദസ്സിൽ അകപ്പെട്ടാൽ, നിങ്ങളുടെ ബുദ്ധിക്ക് കഠിന വേദന അനുഭവപ്പെടില്ലേ ? അല്ലാഹുവിന്റെ ക്രോധം നിങ്ങളുടെ മേൽ പതിക്കുന്നത് നിങ്ങൾ ഭയപ്പെടുന്നില്ലേ ? നിങ്ങളുടെ ലക്ഷ്യത്തിൽനിന്നും നിങ്ങളെ വേർപെടുത്തുന്ന ഇത്തരം ആളുകളിൽ നിന്നും നിങ്ങൾ അകന്നു നിൽക്കുവാനാണ് ആവശ്യപ്പെടുന്നത്. ദൈവസ്മരണയിലേക്ക് അവർ വിഷയം മാറ്റുന്നില്ലെങ്കിൽ, അവന്റെ കൽപനകൾ എല്ലാം ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നില്ലെങ്കിൽ, നിങ്ങൾ അവരിൽ നിന്നും മാറുക! നാം നമ്മുടെ യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ, നാം ജാഗ്രതയുള്ളവരായിരിക്കണം. ഈ യോഗങ്ങൾ നമ്മൾ ആരാണെന്ന് അറിയുന്ന കണ്ണാടികളാണ്. അതിലൂടെ നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങൾ അവർക്ക് കാണിച്ചു കൊടുക്കുവാനും കഴിയും.

നല്ല നിലയിൽ കഴിയുന്ന സാധാരണ ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. അവർക്ക് യഥാർത്ഥത്തിൽ പണക്കാരുമായി സൗഹൃദമൊന്നുമില്ല. അവർ സമൂഹത്തിൽ തങ്ങളുടെ വലിപ്പം കാണിക്കുവാനാണ് ഇത് ചെയ്യുന്നത്. അതുപോലെ സമൂഹത്തിൽ വളരെ വലിയ പണക്കാരായുള്ള കുടുംബങ്ങളെയും കാണുന്നു; അവരുടെ ചിന്താരീതികൾ, അവരുടെ മോശം പ്രവർത്തികൾ, അവരുടെ വ്യക്തി താൽപര്യങ്ങൾ അപര്യാപ്തങ്ങളാണ്. ഇതൊരു ശിക്ഷയായിരിക്കാം, അവരോടൊപ്പം കുറേ സമയം കഴിയുക എന്നത് അസഹിനീയമായ കാര്യം തന്നെയാണ്. ഇത്തരം ആളുകളെക്കുറിച്ചാണ് വിശുദ്ധ ഖുർ ആൻ ഇവിടെ പരാമർശിച്ചത്, അതാണ് ഞാൻ ഇവിടെ ഓർമ്മപ്പെടുത്തിയത്, അവരെയാണ് നാം ഒഴിവാക്കുവാൻ അല്ലാഹു കൽപ്പിക്കുന്നത്. അവരുടെ താൽപര്യങ്ങൾ നമ്മുടെ താൽപര്യങ്ങളുമായി ഒത്തു പോകുന്നതല്ല. നമ്മൾ അവരെ പോലെ അല്ല. നമുക്ക് അല്ലാഹുവിന്റെ സന്തോഷമാണ് വേണ്ടത്. എന്നാൽ അവർ ഭൗതീക സുഖങ്ങളിൽ തളരുന്നവരാണ്.

തന്റെ സൃഷ്ടാവിനെ മാത്രം ചിന്തിക്കുന്ന വ്യക്തിക്ക്, അവൻ എവിടെയായിരുന്നാലും ശരി, അവനിൽ നിന്നും അനേകം അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. ഇമാം അഹ്മദ് ഇബ്നു ഹമ്പൽ (റ) കാലത്തെ ഒരു സംഭവം ഞാൻ ഓർക്കുകയാണ്. ഒരു ദിവസം ഇമാമിന് ഒരു സ്ഥലം വരെ പോകേണ്ടി വന്നു. രാത്രി ആയപ്പോൾ അദ്ദേഹം കരുതി ഇന്ന് ഒരു പള്ളിയിൽ കഴിച്ചുകൂട്ടാമെന്ന്. ഇമാമിനെ തിരിച്ചറിയാഞ്ഞ പള്ളി സൂക്ഷിപ്പുകാരൻ, ഇമാമിനെ പള്ളിയിൽ പാർക്കുവാൻ അനുവദിച്ചില്ല. ഇങ്ങനെ സംഭവിച്ചിട്ടും, ഇമാം തന്റെ സ്ഥാനം വെളിപ്പെടുത്തിയില്ല. അപ്പോൾ അദ്ദേഹം കരുതി പള്ളിയുടെ മുറ്റത്തെ ഒരരുകിൽ കഴിച്ചുകൂട്ടാമെന്ന്. പള്ളിയുടെ സൂക്ഷിപ്പുകാരൻ, കോപാക്രാന്തനായി. പള്ളി വക വസ്തുക്കളുടെ പുറത്തേക്ക് പോകാൻ പറഞ്ഞു. പള്ളിയുടെ സമീപത്ത് നടത്തിയിരുന്ന ഒരു ബേക്കറി കടക്കാരൻ ഇമാം അഹ്മദ് ഇബ്നു ഹമ്പലിന്റെ അവസ്ഥയിൽ സഹതാപം തോന്നി, ഇമാം അഹ്മദ് ഇബ്നു ഹമ്പലാണ് എന്ന് തിരിച്ചറിയാതെ, അദ്ദേഹത്തെ ക്ഷണിക്കുകയും, ഇന്ന് രാത്രി താങ്കൾ എന്നോടൊപ്പം ബേക്കറിയിൽ കഴിച്ചുകൂട്ടുക എന്നും പറഞ്ഞു. ബേക്കറി ഉടമയുമായി ചിലവിട്ട സമയം ഇമാം അഹ്മദ് കടയുടമയെ ശ്രദ്ധിക്കുകയായിരുന്നു. രാത്രി മുഴുവൻ ബേക്കറി ഉടമ ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയ കാര്യം ജോലി ചെയ്തുകൊണ്ടിരുന്ന സമയം മുഴുവൻ അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരുന്നു. അത്

പ്രഭാതം വരെ തുടർന്നു. ഇത് കണ്ട ഇമാം അത്ഭുതപ്പെട്ടു. അദ്ദേഹം ബേക്കറി ഉടമയോടു ചോദിച്ചു. നിങ്ങൾ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരുന്നതായി ഞാൻ കണ്ടു. ഇപ്രകാരം നിങ്ങൾ സ്തുതികൾ അർപ്പിച്ചിട്ട് അല്ലാഹുവിൽ നിന്ന് നിങ്ങൾക്ക് എന്തെങ്കിലും പ്രത്യേക അനുഗ്രഹങ്ങൾ ലഭ്യമായിട്ടുണ്ടോ ? ബേക്കറി ഉടമ പറഞ്ഞു. അല്ലാഹു (ത) എന്റെ പ്രാർത്ഥനകൾ, ആഗ്രഹങ്ങൾ, അഭ്യർത്ഥനകൾ എപ്പോഴും പൂർത്തിയാക്കി തന്നിട്ടുണ്ട്; ഒന്നൊഴികെ. അത്ഭുതത്തോടെ ഇമാം അദ്ദേഹത്തോട് ചോദിച്ചു. ആ പൂർത്തീകരിച്ചു തരാത്ത പ്രാർത്ഥന എന്താണ് ? ബേക്കറി ഉടമ പറഞ്ഞു. ഞാൻ സുപ്രസിദ്ധ ഇമാം അഹ്മദ് ഇബ്ന് ഹമ്പലിനെ വളരെക്കാലമായി നേരിൽകാണുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ അഭ്യർത്ഥന ഇതുവരെയും പൂർത്തിയായിട്ടില്ല. അപ്പോൾ, വികാരഭരിതമായ വാക്കുകളോടെ, ഇമാം അഹ്മദ് ഇബ്ന് ഹമ്പൽ താൻ ആരാണെന്ന് ബേക്കറി ഉടമയോട് പറയുകയുണ്ടായി. എന്നിട്ട് ഇമാം അദ്ദേഹത്തോട് പറഞ്ഞു പള്ളിയുടെ പുറത്തേക്ക് എന്നെ വലിച്ചിട്ടത് വെറുതെയായില്ല. അങ്ങനെയാണ് ബേക്കറി ഉടമയുടെ അടുത്തെത്തിയത്. കാരണം അല്ലാഹു (ത) തന്റെ ദാസന്റെ ആഗ്രഹം പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചു. ഇമാം അഹ്മദിനെ താന്റെ ദാസന്റെ വാതിലിലേക്ക് വലിച്ചിട്ടുകൊടുത്തു.

മാത്രമല്ല മറ്റൊരു ഹദീസിൽ അല്ലാഹുവിന്റെ ദൂതൻ സാക്ഷ്യപ്പെടുത്തുന്നു. **"ഒരാൾ തന്റെ ചുണ്ടുകൾ (അല്ലാഹുവിനെ) സ്മരിക്കുന്നതിനായി ചലിപ്പിച്ചാൽ, അല്ലാഹു പറയുന്നു അവൻ (അല്ലാഹു) അവനോടൊപ്പമാണ്." (ബുഖാരി)**

ഈ കഴിഞ്ഞകാല സംഭവത്തോടൊപ്പം, നമുക്ക് മനസ്സിലാക്കി തരുന്ന ഒരു കാര്യം, അല്ലാഹുവിലേക്ക് എത്തിച്ചേരുവാനുള്ള വിശ്വാസിക്കുള്ള ഒരേയൊരു സ്ഥലം പള്ളി മാത്രമല്ല. അല്ലാഹുവിന്റെ അളവറ്റ അനുഗ്രങ്ങൾ ലഭ്യമാകുന്ന ഒരേയൊരു സ്ഥലം പള്ളിമാത്രമല്ല. നിങ്ങൾ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്, അതായത് ദൈവസ്മരണയ്ക്ക് പാപമുക്തിയുമായി വളരെ വലിയ ബന്ധമാണുള്ളത്. ദൈവ സ്മരണയിൽ പാപമുക്തിയും ഇവ രണ്ടും വിശ്വാസിയെ വളരെ ഉന്നതമായ സ്ഥാനത്തേക്ക് ചലിപ്പിക്കുന്നു. അല്ലാഹുവിന്റെ തേജസ്സിലും സന്തോഷത്തിലും അവൻ സ്ഥിരചിത്തനായി, ആത്മാർത്ഥമായി നിലനിന്നാൽ! അല്ലാഹു അവനെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നു. അവനെ താലോലിക്കുന്നവരെ അവനും താലോലിക്കുന്നു. അവരുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നൽകുന്നു. ഞാൻ നിങ്ങളോട് പറഞ്ഞ ഇമാം അഹ്മദ് (റ) ന്റെ കഥ, മഹാനവർകൾ അല്ലാഹുവിന്റെ സ്നേഹനിധിയായ സേവകനായിരുന്നെങ്കിലും, മറ്റൊരു സ്നേഹനിധിയായ അല്ലാഹുവിന്റെ സേവകന്റെ അടുത്തെത്തുവാൻ പ്രയാസങ്ങൾ താണ്ടേണ്ടതായിട്ടുണ്ട്. അത്തരം ഒരു സേവകൻ തന്റെ ജീവിതം മുഴുവൻ അവനായി സമർപ്പിച്ചതാണ്. തന്റെ ജോലി സ്ഥലത്ത് പോലും അല്ലാഹുവിനെ സ്മരിക്കുന്നതിലായിരുന്നു എന്ന് നാം ഓർക്കണം. അല്ലാഹു (ത) തന്റെ ദാസന്റെ അഭ്യർത്ഥന അംഗീകരിച്ച് വിധി നടപ്പാക്കിയത് - ഇമാം അഹ്മദിനെ കണ്ടു മുട്ടുവാൻ ഇടയാക്കിയത് - ഇമാം അഹ്മദിനെ വലിച്ചു കൊണ്ടു വന്ന് ഇട്ടു കൊടുക്കുകയായിരുന്നു തന്റെ പ്രിയദാസന്റെ മുൻപിൽ !

ദൈവ സ്മരണ വിഷയത്തിൽ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) പറഞ്ഞു. എല്ലായ്പ്പോഴും തന്റെ മുൻപിൽ അല്ലാഹുവിനെ കാണുന്നവൻ (ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം) ആകാശത്തിൽ അല്ലാഹുവിന്റെ നാമങ്ങൾ കണ്ടെതിനെ എടുത്തു പറഞ്ഞ്. വൃക്ഷങ്ങൾ മുതലായവയിലും ! ഈ നൂറ്റാണ്ടിലും ഇവ പുലർന്നിരിക്കുന്നു.) തെറ്റുകൾ ചെയ്യുവാൻ ധൈര്യപ്പെടുകയില്ല. അവൻ എപ്പോഴും ചിന്തിക്കുന്നതാണ്. തന്റെ മുൻപിൽ ഒരു നോട്ടക്കാരനുണ്ട് എന്ന് ! തന്നെക്കാൾ വളരെ കഴിവുറ്റവനായ ഒരുവൻ! അവന് ശിക്ഷിക്കുവാനുള്ള കഴിവുമുണ്ട് ! ദൈവത്തിൽ നിന്നും നാം വിദൂരപ്പെട്ട് പോകുന്നതാണ് നാം തെറ്റുകൾ ചെയ്യുവാൻ കാരണമായി തീരുന്നത്. ഈ അകലം താൽക്കാലികമാണെങ്കിൽ തെറ്റുകളും താൽക്കാലികമായിരിക്കും. എന്നാൽ ഈ അകലം സ്ഥിരമായാൽ തെറ്റുകളും സ്ഥിരമായി നിൽക്കുന്നതാണ്. അല്ലാഹു നമ്മെ സദാ നോക്കി കൊണ്ടിരിക്കുകയാണ്. എല്ലാ സമയത്തും എല്ലാ നിമഷങ്ങളിലും , തെറ്റുകൾ ചെയ്യുവാൻ നാം എത്ര ധൈര്യമാണ് കാണിക്കുന്നത് ?

ദൈവസ്മരണയുടെ നേട്ടം, നമ്മെ ഇഹലോകത്ത് അല്ലാഹുവിന്റെ തിരുനോട്ടത്തിൽ ജീവിപ്പിക്കുന്നു എന്നതാണ്. ഈ ലോകത്തിലെ എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നും നമ്മെ അവൻ രക്ഷപ്പെടുത്തുന്നു. വ്യാപാര കാര്യങ്ങളോ, ധനകാര്യങ്ങളോ അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്നും നമ്മെ മാറ്റി നിർത്തുകയില്ല. ഈ

ലോകവുമായി ബന്ധപ്പെട്ടുള്ള എന്ത് കാര്യവുമാകട്ടെ, അത് സാമ്പത്തിക കൊടുക്കൽ വാങ്ങലാകട്ടെ , കാർഷി കവൃത്തിയാകട്ടെ, അഥവാ മറ്റെന്തെങ്കിലുമാകട്ടെ, ദൈവസ്മരണയ്ക്ക് അതിന്റേതായ സ്ഥാനമുണ്ടായിരിക്കു ന്നതാണ്. ആ ബേക്കറി ഉടമയുടെ മാതൃക പിന്തുടരുക. അദ്ദേഹത്തെ വെറും ഒരു സാധാരണക്കാരനായി കാണുന്നു. എന്നാൽ അല്ലാഹുവിന്റെ പക്കൽ അദ്ദേഹത്തിന് മഹിത സ്ഥാനമുണ്ട്. അങ്ങനെയാണ് അല്ലാഹു (ത) അദ്ദേഹത്തിന്റെ എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം നൽകിയത്. ഈ ഉദാഹരണം ഞാൻ ഉദ്ധരിച്ചത് നമുക്ക് ഒരു ആശയം കിട്ടുവാനാണ്. ഭൗതിക ജോലികൾ എന്തുമാകട്ടെ അല്ലാഹുവിനെ വിസ്മരിക്കുവാനു ള്ള ഒരു ഒഴിവുകഴിവുമില്ല. ദൈവസ്മരണ സുഗന്ധപൂരിതമായ രംഗമാണ്. നിങ്ങൾ എത്രത്തോളം അല്ലാഹു വിനെ ഓർക്കുന്നുവോ..അല്ലാഹു (ത) അത്രത്തോളം നിങ്ങളുടെ അടുക്കലേക്ക് എത്തിച്ചേരുന്നതാണ്. നമ്മുടെ പ്രതീക്ഷകൾക്കുമപ്പുറം, ദൈവസ്മരണ നമുക്ക് നേട്ടങ്ങൾ കൊണ്ടു വരുന്നതാണ്. നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും നാം അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. അങ്ങനെയാണ് നാം ഈ ലോകത്തെ പരിഷ്ക്കരി ക്കുവാൻ കഴിയും എന്ന പ്രതീക്ഷ പുലർത്തുന്നത്. ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുക. അവന്റെ സ്മരണയിലേക്ക് വിളിക്കുക. അവരോട് അല്ലാഹുവിനെപ്പറ്റി സംസാരിക്കുക, അവന്റെ മഹത്വത്തെക്കുറിച്ച് പറയുക, അവന്റെ സൗന്ദര്യത്തത്തെക്കുറിച്ച് സംസാരിക്കുക, അവന്റെ അനുഗ്രഹങ്ങളെക്കുറിച്ച് സംസാരി ക്കുക. നിങ്ങളും അവനെ ധ്യാനിക്കുക. ഇതിലൂടെ മാത്രമേ ഒരു ശരിയായ ബന്ധം, അഗാധമായ സ്നേഹം, നിങ്ങളും അവനും തമ്മിൽ അലയടിക്കുകയുള്ളൂ. ഈ കൂടിച്ചേരൽ അനന്തമായിരിക്കും.

ദൈനംദിന പ്രാർത്ഥനകളെ നമുക്ക് ശക്തിപ്പെടുത്താം, നമ്മുടെ നമസ്ക്കാരങ്ങളെ ശക്തിപ്പെടുത്താം. ദൈവ സ്മരണയിലൂടെ ! നമ്മുടെ പ്രാർത്ഥനകൾ മുഴുവൻ ദൈവസ്മരണയാൽ നിറഞ്ഞതായിരിക്കണം. അല്ലെങ്കിൽ അവ തരിശുഭൂമി പോലെയായിപോവും. എന്റെ പ്രിയ മുസ്ലീം സഹോദരീ സഹോദരന്മാരെ, കുട്ടി കളെ അല്ലാഹു (ത) നിങ്ങൾക്ക് ക്ഷമയും നിഷ്കളങ്കതയും പ്രദാനം ചെയ്യട്ടെ! ദൈവസ്മരണയിലൂടെ അല്ലാ ഹുവുമായി ശക്തമായ ബന്ധം സ്ഥാപിക്കുവാനുള്ള കഴിവ് അവൻ നിങ്ങൾക്ക് പ്രദാനം ചെയ്യട്ടെ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************